# ദൈവഭയം എന്ന ദൈവഭക്തി

## സദൃശവാക്യങ്ങൾ 28:14

"എപ്പോഴും ഭയത്തോടിരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. ഹൃദയത്തെ കഠിനമാക്കുന്നവനോ അനർത്ഥത്തിൽ അകപ്പെടും."

കർത്താവായ യേശു ദയയുള്ള, കരുണയുളള, ദൈവം ആണ് എന്ന അറിവ് അനേകർക്കുണ്ട്. എന്നാൽ അവന്റെ 'ദയ' ആസ്വദിച്ചിട്ടുള്ളത് എത്രപേർ? ഇത് ഒരു ദൈവപൈതലിന്റെ മാത്രം പ്രത്യേകമായ ആനുകൂല്യം അഥവാ കൃപ ആണ്.

"എപ്പോഴും ഭയത്തോടിരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ." വചനപ്രകാരം ഒരു ഭാഗ്യാവസ്ഥ അല്ലെങ്കിൽ അനുഗ്രഹം തീർച്ചയായും നാം കാണുന്നു. അത് അവനെ ഭയപ്പെടുകയും അനുസരിക്കുകയും ചെയ്യുന്നവനു മാത്രമുള്ളതാകുന്നു.

ദൈവത്തെ ഭയപ്പെടുക എന്നതുകൊണ്ട് നാം എന്താകുന്നു മനസ്സിലാക്കേണ്ടത്. വേദപുസ്തകത്തിലുടനീളം നോക്കിയാലും നമുക്കു കാണാം അവന്റെ വചനത്തോടുള്ള അനുസരണവും, ജീവിതനിയന്ത്രണവും. ദൈവസാന്നിധ്യത്തെപ്പറ്റിയുള്ള ബോധത്താൽ ജീവിത നിയന്ത്രണം വിട്ടുകൊടുക്കുക എന്നതാണ് ഇതിന്റെ സാരം.

ഒരു മുട്ട നാം വേവിച്ചു കഴിഞ്ഞാൽ അതിന്റെ ഉൾവശം കട്ടിയാകും. എന്നാൽ പച്ച മുട്ടയുടെ ഉൾവശം വെള്ളം അല്ലെങ്കിൽ soft ആകുന്നു. രണ്ടു മുട്ടയും കണ്ടാൽ ഒരേ പോലെ ആണെങ്കിലും തോടുപൊളിച്ച് ഉൾവശം നോക്കുമ്പോഴാണ് വ്യത്യാസം മനസ്സിലാകുന്നത്. ഈ മുട്ട തന്നെ ഒരു പമ്പരംപോലെ കറക്കാൻ നോക്കിയാൽ വേവിക്കാത്ത മുട്ട അതായത് ഉൾവശം മൃദുവായ മുട്ട യാതൊരുവിധത്തിലും ബാഹ്യമായ ശക്തിക്ക് ഒത്ത വണ്ണം കറങ്ങില്ല. വേവിച്ചതായ മുട്ട boiled egg വളരെ എളുപ്പത്തിൽ കറങ്ങുകയും ചെയ്യും.

ഒരു ദൈവപൈതലിന്റെ ജീവിതവും ഏതാണ്ട് ഇതുപോലെ തന്നെ ആകുന്നു. ദൈവത്തെ ഭയപ്പെട്ടു ജീവിക്കുന്നവന്റെ മുഴുവൻ നിയന്ത്രണവും തമ്പുരാന്റെ കൈയ്യിലാകുന്നു. അവൻ ദൈവവചനത്തെ ഉൾക്കൊള്ളുന്നവനും, അനുസരിക്കാൻ തക്കവണ്ണം മൃദുവായ ഉൾത്തടം ഉള്ളവനും ആകുന്നു. പിശാചിന്റെ തന്ത്രങ്ങൾ മനസ്സിലാക്കാനുള്ള പരിജ്ഞാനം അവനുണ്ട്. സാത്താന്റെ പദ്ധതികൾക്കോ, തകർക്കുവാൻ അവൻ ഉയർത്തുന്ന പദ്ധതികൾക്കോ അവനെ വിട്ടുകൊടുക്കാതെ തന്നെത്തന്നെ ദൈവികശക്തിയിൽ നില

നിർത്താൻ അവനു കഴിയും. ബാഹ്യമായ ഒരു ശ്കതിക്കും അവനെ കറക്കുവാൻ കഴിയില്ല. ഒരു unboiled egg പോലെ. എന്നാൽ മറുകൂട്ടരെ നമുക്കു മനസ്സിലാക്കാം, ഹൃദയം കഠിനപ്പെട്ടിരിക്കുന്നു. ദൈവഭയം ലവലേശവുമില്ല. പെട്ടെന്ന് സാത്താന്യ ശക്തികൾക്ക് കീഴ്പ്പെട്ടുപോകുന്നു. പിടിച്ചു നിൽക്കാനുള്ള ബലം ഇല്ല. Boiled egg പോലെ ബാഹ്യശക്തിക്കൊത്തവണ്ണം spin ചെയ്യുന്ന അനുഭവം.

എല്ലായ്പ്പോഴും അവനെ ഭയപ്പെടുവിൻ എന്നാണ് കുറിവാക്യത്തിൽ നാം കണ്ടത്. അന്ത്യത്തോളം കർത്താവിനെ ഭയപ്പെട്ടുകൊണ്ട്, ദൈവവചനത്തെ അനുസരിച്ചുകൊണ്ട്, ആശ്രയിച്ചുകൊണ്ട് ഭാഗ്യവാനായ ഒരുവന്റെ പദവിക്ക് തക്കവണ്ണം ജീവിക്കാം. ഹൃദയത്തെ കഠിനമാക്കുന്നവന്റെ സ്ഥിതിയും നാം കണ്ടു. അനർത്ഥത്തിൽ അവൻ വീണുപോകും.

ഒരു മൃദുലമായ ഹൃദയത്തിന്റെ ഉടമയായി അവന്റെ ഹിതം തിരിച്ചറിയാനുള്ള പരിജ്ഞാനം പ്രാപിക്കാം. ദൈവത്തിന്റെ വഴികളെ കാണുവാനും ദൈവശബ്ദം കേൾക്കുവാനും ദൈവിക കല്പനകളെ ഓർത്തിരിക്കുവാനും ഒരു ഭക്തനേ കഴിയൂ. അതിനായി നമ്മെ ഏല്പിക്കാം. ഹൃദയം കഠിനമാക്കി വെച്ചിരിക്കുന്ന ജീവിതാനുഭവങ്ങളുടെമേൽ ദൈവകൃപ വ്യാപരിക്കട്ടെ. കല്ലായുള്ളതെല്ലാം മാംസളമാക്കാൻ കർത്താവ് സഹായിക്കട്ടെ. ദൈവഭയമുള്ളവൻ അശുദ്ധജീവിതത്തിൽ നിന്നും ഒഴിഞ്ഞുമാറും. കർത്താവിലുള്ള യഥാർത്ഥമായ ഭയം വരുമ്പോൾ കീഴടങ്ങേണ്ടവന് കീഴടങ്ങി, പാപത്തോടു പോരാടി, ദൈവത്തെ അനുസരിച്ചു ജീവിക്കാൻ കഴിയും. കർത്താവ് അതിനായി കൃപ ചൊരിയട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 90:14

കാലത്തു തന്നേ ഞങ്ങളെ നിന്റെ ദയകൊണ്ടു തൃപ്തരാക്കേണമേ; എന്നാൽ ഞങ്ങളുടെ ആയുഷ്കാലമൊക്കെയും ഞങ്ങൾ ഘോഷിച്ചാനന്ദിക്കും.

വിലാപങ്ങൾ 3:22–23

നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ; അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 094